# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*

**CIN:U40100KL2011SGC027424**

*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in*

Office of the Director (Distribution , IT & HRM)

Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala

Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in


D (D, IT & HRM)/ COVID 19/ 2019 – 2020/6 18.04.2020

**പരിപത്രം**

**വിഷയം:** ലോക്ക്-ഡൗൺ കാലയളവിൽ കെ.എസ്.ഇ.ബി ഓഫീസുകളുടെ തുടർ പ്രവർത്തനം – മാർഗ്ഗനിർദ്ദേശങ്ങൾ.

**സൂചന :**
1. 19.03.2020ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020ലെ പരിപത്രം നമ്പർ PS1(B)/COVID-19/മുൻകരുതൽ/2020
3. 23.03.2020ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/5
7. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 15.04.2020, 16.04.2020 തീയതികളിലെ 40-3/2020/DM-I(A) നമ്പർ ഉത്തരവുകൾ
8. 17.04.2020 ലെ GO(MS) No 78/2020/GAD നമ്പർ കേരള സർക്കാർ ഉത്തരവ്

1. നിലവിൽ ലഭിച്ചിട്ടുള്ള എല്ലാ സർവീസ് കണക്ഷൻ അപേക്ഷകളും ഉടനടി തീർപ്പാക്കേണ്ടതാണ്. ലോക്ക്-ഡൗൺ നിയന്ത്രണങ്ങളും, സാമൂഹിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കേണ്ടതും തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
2. ക്യാഷ് കൗണ്ടറുകൾ ലോക്ക്-ഡൗൺ കാലയളവിൽ പ്രവർത്തിക്കുന്നതല്ല.
3. 03.05.2020 വരെയുള്ള കാലയളവിൽ ഒടുക്കേണ്ട EHT/HT/LT ഉപഭോക്താക്കളുടെ ബിൽതുകക്ക് സർചാർജ്ജോ പിഴയോ ഉണ്ടായിരിക്കുന്നതല്ല. ഇതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിന് ചീഫ് എഞ്ചിനീയർ (IT, CR & CAPs) നെ ചുമതലപ്പെടുത്തുന്നു.
4. ബിൽതുക ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കേണ്ടതാണ്. ഇതിനായി സീനിയർ സൂപ്രണ്ട്, സീനിയർ അസ്സിസ്റ്റന്റ്, കാഷ്യർ എന്നിവർ ഉപഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ട് ഓൺലൈനായി ബിൽ തുക അടയ്ക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ/ സഹായങ്ങൾ നൽകേണ്ടതാണ്. 20.04.2020 മുതൽ അക്ഷയ സെന്ററുകൾ പ്രവർത്തിക്കാൻ സർക്കാർ അനുമതി നൽകിയ കാര്യവും ഉപഭോക്താക്കളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.
5. ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് (State Bank of India, Federal Bank, ICICI Bank, Catholic Syrian Bank, South Indian Bank), ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം (BHIM App, PayTM, PhonePe, Google Pay etc) എന്നിവ വഴി കെ.എസ്.ഇ.ബിയുടെ പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുന്നതിന് നിലവിൽ അധിക ചാർജ്ജ് (transaction charge) ഈടാക്കുന്നില്ല. ഓൺലൈൻ ബിൽ പേയ്മെന്റ് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മറ്റ് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് (ഉദാ: payment gateway ഉപയോഗിക്കുന്ന ബാങ്കുകൾ, ക്രെഡിറ്റ്/ഡെബിറ്റ്/ATM കാർഡുകൾ തുടങ്ങിയവ മുഖേന) പണമിടപാടുകൾ നടത്തുന്നതിനും 20.04.2020 മുതൽ അടുത്ത മൂന്ന് മാസത്തേയ്ക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുന്നതാണ്.

6. ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും മീറ്റർ റീഡിങ്ങുകൾ എടുക്കേണ്ടതാണ്. LT ഉപഭോക്താക്കളുടെ 15.04.2020 വരെയുള്ള ബില്ലുകൾ ശരാശരി ഉപഭോഗം കണക്കാക്കി നൽകിയിട്ടുണ്ട്. 16.04.2020 തീയതി തുടങ്ങുന്ന വാക്കിംഗ് ഓർഡറിനനുസൃതമായി വേണം 20.04.2020 മുതൽ റീഡിംഗ് ആരംഭിക്കേണ്ടത്. 30.04.2020 നു മുൻപായി ഏപ്രിൽ മാസത്തെ റീഡിംഗ് പൂർത്തിയാക്കേണ്ടതാണ്. വീടിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകളുടെയും ഹോം-ക്വാറന്റൈൻ/ ഐസോലെഷനിൽ ആളുകളുള്ള വീടുകളിലെ മീറ്ററുകളുടെയും, സർക്കാർ / ജില്ലാ ഭരണകൂടം കടുത്ത നിയന്ത്രണങ്ങൾ ബാധകമാക്കിയ പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെയും മീറ്റർ റീഡിംഗ് എടുക്കേണ്ടതില്ല. പ്രസ്തുത സാഹചര്യങ്ങളിൽ ശരാശരി ഉപഭോഗത്തിന് ബിൽ നൽകേണ്ടതാണ്.

7. ഗാർഹികേതര LT ഉപഭോക്താക്കൾക്ക് ബിൽതുകയുടെ 70% നീട്ടിക്കൊടുത്തിരിക്കുന്ന കാലയളവിനുള്ളിൽ അടച്ചാൽ മതിയാകും. ലോക്ക്ഡൌൺ കാരണം ഉപഭോഗം കുറഞ്ഞതിനാൽ, ശരാശരി ഉപഭോഗം കണക്കാക്കിയത് യഥാർത്ഥ ഉപഭോഗത്തെക്കാൾ കൂടുതലാണ് എന്ന പരാതി പരിഗണിച്ചാണിത്. തുടർ മാസങ്ങളിൽ റീഡിംഗ് എടുക്കുന്നമുറയ്ക്ക് യഥാർത്ഥ വൈദ്യുത ചാർജ്ജ് നിജപ്പെടുത്തുന്നതും അതിനനുസരിച്ച് ഭാവി ബിൽതുക ക്രമീകരിക്കുന്നതുമാണ്. ഇതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിന് ചീഫ് എഞ്ചിനീയർ (IT, CR & CAPs) നെ ചുമതലപ്പെടുത്തുന്നു.

8. ഇനിയൊരു നിർദ്ദേശം ഉണ്ടാകുന്നതുവരെ വൈദ്യുതി മോഷണം, അപകടങ്ങൾ എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കാൻ പാടുള്ളതല്ല. മറ്റേതെങ്കിലും സാഹചര്യങ്ങളിൽ കണക്ഷൻ വിച്ഛേദിക്കേണ്ടതായി വന്നാൽ LT കണക്ഷന് വിതരണ വിഭാഗം ഡയറക്ടറുടേയും HT/ EHT കണക്ഷന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെയും അനുമതി വാങ്ങേണ്ടതാണ്.

9. സർക്കാർ Red Zone ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകൾ (നിലവിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം) ഒഴികെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണവുമായി ബന്ധപ്പെട്ട അടിയന്തിര സ്വഭാവമുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. Red Zone ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിലും Containment Zone ഉൾപ്പെടുന്ന സ്ഥലങ്ങളിലും ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി വാങ്ങിയ ശേഷം അടിയന്തിര സ്വഭാവമുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

10. ഉത്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളിൽ ആവശ്യമായ preventive maintenance ജോലികൾ / പ്രീ മൺസൂൺ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതാണ്. ഇത്തരം പ്രവൃത്തികൾ എല്ലാം തന്നെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുംവിധം, മറ്റു വിഭാഗങ്ങളുമായി ഏകോപിപ്പിച്ച് നടത്തേണ്ടതാണ്. ഉപഭോക്താക്കൾക്ക് വൈദ്യുത തടസ്സം ഉണ്ടാകാവുന്ന പ്രവൃത്തികൾ കഴിവതും രാവിലെ 8 മണി മുതൽ ഉച്ചതിരിഞ്ഞ് ഒരുമണിവരെയുള്ള സമയത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. വൈദ്യുതി തടസ്സങ്ങളെക്കുറിച്ചുള്ളവിവരം OMS, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, ദിനപ്പത്രങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കളെ മുൻകൂറായി അറിയിക്കേണ്ടതാണ്.

11. ഇലക്ട്രിക്കൽ സെക്ഷനുകൾ, സബ്സ്റ്റേഷനുകൾ, ഉത്പാദന നിലയങ്ങൾ, കോൾ സെന്ററുകൾ, ഡേറ്റാ സെന്ററുകൾ, കൺട്രോൾ റൂമുകൾ, Load Dispatch Centreകൾ തുടങ്ങിയ ഓഫീസുകൾ 20.04.2020 മുതൽ പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ടതാണ്. മറ്റ് ഓഫീസുകളിൽ ചുവടെ പറയുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

    a. Green Zoneൽ (നിലവിൽ കോട്ടയം, ഇടുക്കി ജില്ലകൾ) ഉൾപ്പെടുന്ന ഓഫീസുകളിൽ എല്ലാ വിഭാഗം ജീവനക്കാരും ഹാജരാകേണ്ടതാണ്.

    b. Red, Orange-A സോണുകളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിലെ ഓഫീസുകളിൽ കുറഞ്ഞത് 50% ജീവനക്കാരും, Orange-B സോണിൽ വരുന്ന ഓഫീസുകളിൽ കുറഞ്ഞത് 75% ജീവനക്കാരും ഹാജരാകുന്ന വിധത്തിൽ ഓഫീസ് മേധാവികൾ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. Orange-A

Zoneൽ വരുന്ന ഓഫീസുകളിലും 24.04.2020ന് ശേഷം കുറഞ്ഞത് 75% ജീവനക്കാർ ഹാജരാകേണ്ടതുണ്ട്.

12. Containment Zone എന്ന നിലയിൽ കർശനനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ വരുന്ന ഓഫീസുകളിൽ മുൻ സർക്കുലറുകൾ പ്രകാരം ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ തുടരേണ്ടതാണ്. ഇത്തരം ഓഫീസുകളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഡയറക്ടറുടെ കാര്യാലയത്തിൽ മുൻകൂറായി അറിയിക്കേണ്ടതാണ്.

13. 19.04.2020 വരെയുള്ള ലോക്ക്-ഡൗൺ കാലയളവിലുള്ള ഹാജർ ക്രമപ്പെടുത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

   a. എക്സിക്യൂട്ടീവ് എഞ്ചിനീയർ/ തത്തുല്യ തസ്തികകൾ മുതൽ മുകളിലേയ്ക്കുള്ള എല്ലാ ഓഫീസർമാരും എല്ലാ പ്രവൃത്തി ദിവസവും ഹാജരാകണമെന്ന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാകാത്ത ദിവസങ്ങളിൽ അർഹമായ അവധിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്.

   b. മുൻ പരിപത്രങ്ങൾ പ്രകാരം ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തിയിരുന്ന ഓഫീസുകളിൽ ആയതിൻപ്രകാരം നിശ്ചിത ദിവസങ്ങളിൽ ഓഫീസിൽ ഹാജരായവർക്ക് പൂർണ്ണ ഹാജർ അനുവദിക്കാവുന്നതാണ്. പ്രസ്തുത ക്രമീകരണമനുസരിച്ച് നിശ്ചിത ദിവസങ്ങളിൽ ഓഫീസിൽ ഹാജരാകാൻ സാധിക്കാത്തവർക്ക് അർഹമായ അവധി അനുവദിച്ചുകൊണ്ട് ബാക്കി ദിവസങ്ങളിലെ ഹാജർ ക്രമപ്പെടുത്തി നൽകാവുന്നതാണ്.

   c. ഹോം-ക്വാറന്റൈൻ/ ഐസോലേഷനിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് സർക്കാർ ആരോഗ്യ വിഭാഗം നൽകുന്ന സർട്ടിഫിക്കറ്റിനനുസൃതമായി സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാവുന്നതാണ്.

   d. മേൽ നിബന്ധനകളിൽ നിന്ന് വിഭിന്നമായി ഡ്യൂട്ടികൾ ക്രമപ്പെടുത്തേണ്ടതായുണ്ടെങ്കിൽ ഓഫീസർമാരുടെ വിഷയത്തിൽ ബന്ധപ്പെട്ട വിഭാഗം ഡയറക്ടറുടെ അനുമതിയോടുകൂടിയും മറ്റു ജീവനക്കാരുടെ വിഷയത്തിൽ അതാത് ARU മേധാവിയുടെ അനുമതിയോടുകൂടിയും ക്രമപ്പെടുത്തേണ്ടതാണ്.

14. 18.04.2020 മുതലുള്ള ശനിയാഴ്ചകൾ സാധാരണ പോലെ പ്രവൃത്തിദിനം ആയിരിക്കും

15. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ചിലവുകൾ നിർവ്വഹിക്കേണ്ടതും, അനിവാര്യ ചിലവുകൾ ഒഴികെയുള്ളവ മാറ്റിവയ്ക്കേണ്ടതുമാണ്.

16. ക്രെഡിറ്റ് അനുവദിച്ച് രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തുക ചിലവഴിക്കേണ്ടതും അല്ലാത്തപക്ഷം ഫണ്ട് തിരികെ ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് സൂചന (1) മുതൽ (6) വരെയുള്ള പരിപത്രങ്ങൾ പ്രകാരം നടപ്പാക്കിയ ക്രമീകരണങ്ങളിൽ ഇതിനാൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു

**ഒപ്പ്**

**ചെയർമാൻ ആന്റ് മാനേജിങ്ങ് ഡയറക്ടർ**

എല്ലാ വകുപ്പ മേധാവികൾക്കും